xylem psc

# 239/2023

**Total Marks : 100 Marks**

**Time : 1 hour and 15 minutes**

1. കേന്ദ്ര കോർപ്പറേറ്റ് കാര്യ മന്ത്രി ആര് ?
   (A) അമിത് ഷാ
   (B) നാരായണ ടാറ്റു റാണെ
   (C) നിർമ്മല സീതാരാമൻ
   (D) പീയൂഷ് ഗോയൽ

2. രാജാറാം മോഹൻ റോയ് ബംഗാളി ഭാഷയിൽ ആരംഭിച്ച പത്രം ഏത് ?
   (A) ബംഗാളി
   (B) ഷോം പ്രകാശ്
   (C) സംബാദ് കൗമുദി
   (D) മിറാത്-ഉൽ-അക്ബർ

3. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വോട്ടർ ?
   (A) ശ്യാം ശരൺ നേഗി
   (B) ജോഷി കുമാർ
   (C) ജവഹർലാൽ നെഹ്റു
   (D) സുകുമാർ സെൻ

4. "ഉൽക്കാവർഷ പ്രദേശം" എന്നറിയപ്പെടുന്ന അന്തരീക്ഷ പാളി ഏത് ?
   (A) സ്ട്രാറ്റോസ്ഫിയർ
   (B) മിസോസ്ഫിയർ
   (C) തെർമോസ്ഫിയർ
   (D) ട്രോപ്പോസ്ഫിയർ

5. "ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് " എന്ന് വാലന്റയിൻ ഷിറോൾ വിശേഷിപ്പിച്ചത് ആരെ ?
   (A) ലാലാ ലജ്പത് റായ്
   (B) ബാല ഗംഗാധര തിലക്
   (C) രമേഷ് ചന്ദ്ര ദത്ത്
   (D) ദാദാ ഭായ് നവ്റോജി

6. 2023 ലെ 16-മത് പുരുഷ ഏഷ്യ കപ്പ് ക്രിക്കറ്റ് കിരീടം നേടിയത് ?
   (A) പാകിസ്ഥാൻ
   (B) ഇന്ത്യ
   (C) ശ്രീലങ്ക
   (D) ബംഗ്ലാദേശ്

7. 'പറക്കും സിഖ് ' എന്നറിയപ്പെടുന്ന ഒളിമ്പ്യൻ മിൽഖാ സിംഗ് അന്തരിച്ച വർഷം ?
   (A) 2018
   (B) 2019
   (C) 2020
   (D) 2021

8. 'വർണാന്ധത' കണ്ടുപിടിച്ചത് ആര് ?
   (A) ജോൺ ഡാൽട്ടൺ
   (B) ജോൺ ബെർക്കെൻഹൗട്ട്
   (C) ജോർജ്ജ് ഹാഡ്‌ലി
   (D) ഇഷിഹാര

9. 'പ്രഗ്യാൻ റോവർ' വിക്ഷേപിച്ചത് എന്ന് ?
   (A) 20 ജൂൺ 2019
   (B) 14 ജൂലൈ 2019
   (C) 22 ജൂലൈ 2019
   (D) 14 ജൂൺ 2019



A

10. ഇലക്ഷൻ കമ്മീഷൻ രൂപീകൃതമായത് എന്ന് ?
(A) 1950 ജനുവരി 24
(B) 1950 ജനുവരി 25
(C) 1950 ജനുവരി 26
(D) 1949 ജനുവരി 26

11. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് $K_2$ അഥവാ ഗോഡ്‌വിൻ ഓസ്റ്റിൻ സ്ഥിതി ചെയ്യുന്ന പർവ്വതനിര
(A) ലഡാക്ക്
(B) കാറക്കോറം
(C) സസ്ക്കർ
(D) ഹിമാലയം

12. കോട്ടണോപോളിസ് എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയിലെ പ്രധാന നഗരം ?
(A) ഡൽഹി
(B) കൊൽക്കത്ത
(C) മുംബൈ
(D) ചെന്നൈ

13. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇരുമ്പുരുക്ക് വ്യവസായശാല
(A) ടാറ്റാ ഇരുമ്പുരുക്കു കമ്പനി
(B) ഇന്ത്യൻ അയൺ ആന്റ് സ്റ്റീൽ കമ്പനി
(C) വിശ്വേശ്വരയ്യ അയൺ ആന്റ് സ്റ്റീൽ വർക്സ് ലിമിറ്റഡ്
(D) ഭിലായ് സ്റ്റീൽ പ്ലാന്റ്

14. ഇന്ത്യയിലെ ഏറ്റവും വലിയ പെട്രോളിയം ഖനി.
(A) മുംബൈ-ഹൈ
(B) ഡിഗ്ബോയ്
(C) ഝാറിയ
(D) നെയ്‌വേലി

15. ഉപദ്വീപീയ നദികളിൽ ഏറ്റവും നീളം കൂടിയ നദി ?
(A) മഹാനദി
(B) നർമ്മദ
(C) കാവേരി
(D) ഗോദാവരി

16. കർണ്ണാടകത്തിലെ പ്രധാന ആണവോർജ നിലയം ?
(A) കൽപ്പാക്കം
(B) കാക്രാപാറ
(C) നറോറ
(D) കൈഗ

17. ധാതുക്കളുടെ കലവറ എന്നു വിളിക്കുന്ന ഭൂപ്രകൃതി വിഭാഗം.
(A) ഉത്തര മഹാസമതലം
(B) ഹിമാലയം
(C) ഉപദ്വീപീയ പീഠഭൂമി
(D) ദ്വീപുകൾ

18. ലാവ തണുത്തുറഞ്ഞുണ്ടായ പീഠഭൂമി
(A) ഡക്കാൺ പീഠഭൂമി
(B) മാൾവ പീഠഭൂമി
(C) ഛോട്ടാനാഗ്പൂർ പീഠഭൂമി
(D) ഉത്തരമഹാസമതലം

19. അമരാവതി ഏത് നദിയുടെ പോഷകനദിയാണ് ?
(A) കൃഷ്ണ
(B) കാവേരി
(C) ഗോദാവരി
(D) താപ്തി

20. സുവർണ ചതുഷ്കോണ സൂപ്പർ ഹൈവേ ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ
(A) ഡൽഹി – മുംബൈ – ചെന്നൈ – ബാംഗ്ലൂർ
(B) ഡൽഹി – വാരണാസി – ജയ്പൂർ – കൊൽക്കത്ത
(C) ബാംഗ്ലൂർ – ചെന്നൈ – ജയ്പൂർ – ബോംബെ
(D) ഡൽഹി – മുംബൈ – ചെന്നൈ – കൊൽക്കത്ത

21. ഇന്ത്യയുടെ ദേശീയ ഗാനമായ ജനഗണമന ആലപിക്കേണ്ട സമയ ദൈർഘ്യം ?
(A) 52 സെക്കന്റ്
(B) 54 സെക്കന്റ്
(C) 51 സെക്കന്റ്
(D) 53 സെക്കന്റ്

22. മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും സ്വത്തവകാശത്തെ നീക്കം ചെയ്ത് ഒരു സാധാരണ നിയമാവകാശമാക്കി മാറ്റിയ ഭരണഘടനാ ഭേദഗതി ?
(A) 42-ാം ഭരണഘടനാ ഭേദഗതി
(B) 44-ാം ഭരണഘടനാ ഭേദഗതി
(C) 52-ാം ഭരണഘടനാ ഭേദഗതി
(D) 74-ാം ഭരണഘടനാ ഭേദഗതി

23. ദേശീയ പതാകയിലെ ആരക്കാലുകളുടെ എണ്ണം.
(A) 22
(B) 21
(C) 23
(D) 24

24. വന്ദേമാതരം എന്ന ദേശീയഗീതത്തിന്റെ രചയിതാവ്
(A) മുഹമ്മദ് ഇക്ബാൽ
(B) രബീന്ദ്രനാഥ ടാഗോർ
(C) ബങ്കിം ചന്ദ്ര ചാറ്റർജി
(D) അരബിന്ദോ

25. ദേശീയ മനുഷ്യാവകാശകമ്മീഷന്റെ പ്രഥമ ചെയർമാൻ ?
(A) ജസ്റ്റിസ്. കെ.ജി. ബാലകൃഷ്ണൻ
(B) ജസ്റ്റിസ്. രംഗനാഥ മിശ്ര
(C) ജസ്റ്റിസ്. എ.എസ്. ആനന്ദ്
(D) ജസ്റ്റിസ്. എ.എൻ. റായ്

26. ഭരണഘടന നിർമാണസമിതിയുടെ സ്ഥിരം അദ്ധ്യക്ഷൻ ?
(A) ഡോ. ബി.ആർ. അംബേദ്കർ
(B) ഡോ. രാജേന്ദ്ര പ്രസാദ്
(C) ഡോ. സച്ചിദാനന്ദ സിൻഹ
(D) ജവഹർലാൽ നെഹ്റു

27. അയിത്താചരണം ശിക്ഷാർഹമായ കുറ്റമായി പ്രഖ്യാപിക്കുന്ന ഭരണഘടനാ വകുപ്പ് ?
(A) ആർട്ടിക്കിൾ 17
(B) ആർട്ടിക്കിൾ 18
(C) ആർട്ടിക്കിൾ 19
(D) ആർട്ടിക്കിൾ 20

28. മൗലികകടമകൾ ഇന്ത്യൻ ഭരണഘടനയുടെ എത്രാമത്തെ ആർട്ടിക്കിളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ?
(A) അനുഛേദം 51
(B) അനുഛേദം 51A
(C) അനുഛേദം 52
(D) അനുഛേദം 32



xylem psc

29. കേരളത്തിലെ ഇപ്പോഴത്തെ മുഖ്യ വിവരാവകാശ കമ്മീഷണർ ?

(A) ടിക്കാറാം മീണ
(B) ആന്റണി ഡൊമനിക്
(C) ഡോ. ബിശ്വാസമേത്ത
(D) വി.പി. ജോയ്

30. ജനങ്ങളുടെ മൗലികാവകാശങ്ങളുടെ സംരക്ഷകനാണ്

(A) പാർലമെന്റ്
(B) പ്രസിഡന്റ്
(C) വൈസ് പ്രസിഡന്റ്
(D) സുപ്രീം കോടതി

31. തിരുവിതാം കൂറിൽ രാഷ്ട്രീയ പ്രക്ഷോഭങ്ങൾക്ക് തുടക്കം കുറിച്ച സംഭവമേത് ?

(A) മലയാളി മെമ്മോറിയൽ
(B) ഈഴവ മെമ്മോറിയൽ
(C) നിവർത്തന പ്രക്ഷോഭം
(D) ഇതൊന്നുമല്ല

32. മലബാറിൽ ദേശീയ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയ വനിതയാര് ?

(A) അക്കമ്മ ചെറിയാൻ
(B) ആനി മസ്ക്രീൻ
(C) എ.വി. കുട്ടിമാളു അമ്മ
(D) അമ്മു സ്വാമി നാഥൻ

33. സ്വാതന്ത്ര്യാനന്തരം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനസംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ച സംസ്ഥാന കോൺഗ്രസ് സമ്മേളനം നടന്ന സ്ഥലം ഏത് ?

(A) ഒറ്റപ്പാലം
(B) പയ്യന്നൂർ
(C) തൃശ്ശൂർ
(D) കൊച്ചി

34. തിരുവിതാംകൂർ മുസ്ലീം മഹാജന സഭ സ്ഥാപിച്ചതാര് ?

(A) മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്
(B) ഇ. മൊയ്തു മൗലവി
(C) കട്ടിലശ്ശേരി മുഹമ്മദ് മൗലവി
(D) വക്കം അബ്ദുൽ ഖാദർ മൗലവി

35. കോഴിക്കോട് ഉപ്പ് സത്യാഗ്രഹത്തിന് നേതൃത്വം നൽകിയതാര് ?

(A) കെ. കേളപ്പൻ
(B) മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്
(C) ടി.കെ. മാധവൻ
(D) കെ. കുഞ്ഞമ്പു നായർ

36. കേരളത്തിലെ ഏറ്റവും വലിയ ജില്ല ഏത് ?

(A) പാലക്കാട്
(B) ഇടുക്കി
(C) എറണാകുളം
(D) തിരുവനന്തപുരം

37. കേരളത്തിന്റെ ഖാദി, ഗ്രാമ വ്യവസായങ്ങളുടെ ചുമതലയുള്ള മന്ത്രിയാര് ?

(A) പി.എ. മുഹമ്മദ് റിയാസ്
(B) പി. രാജീവ്
(C) എം.ബി. രാജേഷ്
(D) കെ. രാജൻ

38. കേരള സ്പോർട്സ് കൗൺസിലിന് രൂപം നൽകിയതാര് ?
(A) ശ്രീ. ചിത്തിര തിരുനാൾ
(B) രാജാ രവിവർമ്മ
(C) അവിട്ടം തിരുന്നാൾ രാമ വർമ്മ
(D) ഗോദ വർമ്മ രാജ

39. പശ്ചിമ ഘട്ടത്തിലെ മഴനിഴൽ പ്രദേശത്ത് സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏക വന്യജീവി സങ്കേതം ഏത് ?
(A) നെയ്യാർ
(B) ചിന്നാർ
(C) പേപ്പാറ
(D) ഇരവികുളം

40. അട്ടപ്പാടിയിലെ ഗോത്ര സമൂഹങ്ങൾക്കിടയിൽ ഇന്നും നിലവിലുള്ള കൃഷിരീതി ഏത് ?
(A) പൊലി കൂട്ടൽ
(B) കോണ്ടൂർ കൃഷി
(C) പുനം കൃഷി
(D) ഇടവരി കൃഷി

41. ഗൗണ നാടി, കവനോഗ് , വളഞ്ഞാർ എന്നീ പേരുകളിൽ അറിയപ്പെടുന്ന കേരളത്തിലെ ഒരു പുണ്യനദി ഏത് ?
(A) പെരിയാർ
(B) നെയ്യാർ
(C) മീനച്ചിലാർ
(D) പമ്പ

42. പഴന്തമിഴ് പാട്ടുകളിൽ പരാമർശമുള്ള കേരളത്തിലെ ഒരു പഴവർഗ്ഗം ഏത് ?
(A) കൈതച്ചക്ക
(B) ചക്ക
(C) മാങ്ങ
(D) വാഴപ്പഴം

43. പ്രകൃതി ദുരന്തങ്ങളുടെ നിവാരണത്തിനും ലഘൂകരണത്തിനുമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംവിധാനം താഴെപറയുന്നതിൽ ഏതാണ് ?
(A) കേരള റവന്യൂ – ദുരന്ത നിവാരണ വകുപ്പ്
(B) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
(C) ദുരന്ത സാധ്യതാ അപഗ്രഥന സെൽ
(D) മുകളിൽ പറഞ്ഞവയെല്ലാം

44. എറണാകുളം ജില്ലയിലെ ഏത് സ്ഥലത്ത് നടത്തിയ ഉത്ഖനനമാണ് പ്രാചീന തമിഴകത്തിന് റോമുമായി വ്യാപാരബന്ധം ഉണ്ടായിരുന്നതിനുള്ള തെളിവുകൾ നൽകുന്നത് ?
(A) പെരുമ്പാവൂർ
(B) അങ്കമാലി
(C) പറവൂർ
(D) കാക്കനാട്

45. 2012 ൽ ഉരുൾ പൊട്ടലുണ്ടായ പുല്ലൂരാമ്പാറ ഏത് ജില്ലയിലാണ് ?
(A) മലപ്പുറം
(B) കോഴിക്കോട്
(C) ഇടുക്കി
(D) വയനാട്

46. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണത്തിനായി നിലവിൽ വന്ന പുനഃ സംഘടനാ കമ്മീഷനിലെ അംഗങ്ങൾ അല്ലാത്തത് ആര് ?
   (A) വി.പി. മേനോൻ
   (B) ഹസൻ അലി
   (C) എച്ച്.എൻ. കുൻസ്രു
   (D) കെ.എം. പണിക്കർ

47. സ്വദേശി സമരകാലത്ത് ഇന്ത്യൻ ജനതയിൽ ദേശസ്നേഹം വളർത്താൻ 'ഭാരതമാത' എന്ന ചിത്രം വരച്ചതാര് ?
   (A) രവീന്ദ്രനാഥ ടാഗോർ
   (B) സത്യേന്ദ്ര നാഥ ടാഗോർ
   (C) അബനീന്ദ്ര നാഥ ടാഗോർ
   (D) നന്ദലാൽ ബോസ്

48. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ലാലാഹർദയാൽ 'ഗദ്ദർ പാർട്ടി' എന്ന സംഘടനയ്ക്ക് രൂപം നൽകിയത് ഏത് രാജ്യത്ത് വച്ചാണ് ?
   (A) ഇംഗ്ലണ്ട്
   (B) ഫ്രാൻസ്
   (C) അമേരിക്ക്
   (D) ഇന്ത്യ

49. ഇന്ത്യൻ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഇന്ത്യയിൽ ഉദയം ചെയ്ത തൊഴിലാളി പ്രസ്ഥാനം ഏത് ?
   (A) മദ്രാസ് ലേബർ യൂണിയൻ
   (B) AITUC
   (C) അഹമ്മദാബാദ് ടെക്സ്റ്റയിൽ അസോസിയേഷൻ
   (D) ഇവയെല്ലാം

50. 1950 മാർച്ച് 15 ന് നിലവിൽ വന്ന ആസൂത്രണ കമ്മീഷന്റെ വൈസ് ചെയർമാൻ ആരായിരുന്നു ?
   (A) ജവഹർലാൽ നെഹ്റു
   (B) ഗുൽസാരിലാൽ നന്ദ
   (C) ടി.ടി. കൃഷ്ണമാചാരി
   (D) സി.ഡി. ദേശ്മുഖ്

51. ഇന്ത്യയിൽ 10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കാൻ ശുപാർശ ചെയ്ത കമ്മീഷൻ ഏത് ?
   (A) ഡോ. എസ്. രാധാകൃഷ്ണൻ
   (B) മുതലിയാർ കമ്മീഷൻ
   (C) കോത്താരി കമ്മീഷൻ
   (D) ഖാദർ കമ്മീഷൻ

52. ആരുടെ ജന്മദിനമാണ് ഇന്ത്യയിൽ ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത് ?
   (A) ഡോ. എസ്. രാധാകൃഷ്ണൻ
   (B) മൗലാനാ അബ്ദുൾ കലാം ആസാദ്
   (C) APJ അബ്ദുൾ കലാം
   (D) ഡോ. സക്കീർ ഹുസൈൻ

53. 'ദി ട്രാൻസ്ഫർ ഓഫ് പവർ ഇൻ ഇന്ത്യ' ആരുടെ പുസ്തകമാണ് ?
   (A) വി.പി. മേനോൻ
   (B) സർദാർ വല്ലഭായ് പട്ടേൽ
   (C) ജവഹർലാൽ നെഹ്റു
   (D) കെ.എം. പണിക്കർ

Xylem PSC

54. 1954-1964 കാലഘട്ടത്തിനിടയ്ക്ക് എത്ര IIT കൾ ഇന്ത്യയിൽ സ്ഥാപിതമായിട്ടുണ്ട് ?
(A) 2
(B) 3
(C) 4
(D) 5

55. ഇന്ത്യക്കകത്തും പുറത്തുമുള്ള ഇന്ത്യൻ കലകളുടെ പ്രചാരണം ലക്ഷ്യമിട്ടുകൊണ്ട് ന്യൂഡൽഹി ആസ്ഥാനമാക്കി പ്രവർത്തനമാരംഭിച്ച സ്ഥാപനമേത് ?
(A) ലളിതകലാ അക്കാദമി
(B) സാഹിത്യ അക്കാദമി
(C) സംഗീത നാടക അക്കാദമി
(D) നാഷണൽ സ്കൂൾ ഓഫ് ഡ്രാമ

56. മലയാളത്തിലെ ആദ്യ വ്യാകരണ ഗ്രന്ഥം തയ്യാറാക്കിയതാര് ?
(A) അർണോസ് പാതിരി
(B) ആഞ്ചലോസ് ഫ്രാൻസിസ്
(C) ഹെർമൻ ഗുണ്ടർട്ട്
(D) ബെഞ്ചമിൻ ബെയ്‌ലി

57. ചാന്നാർ ലഹള നടന്ന വർഷം ഏത് ?
(A) 1849
(B) 1859
(C) 1888
(D) 1869

58. "വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ്" ആരുടെ പ്രശസ്തമായ വാക്കുകളാണിത് ?
(A) ശ്രീനാരായണ ഗുരു
(B) ചട്ടമ്പി സ്വാമികൾ
(C) അയ്യങ്കാളി
(D) കുമാര നാശാൻ

59. ഗുരുവായൂർ സത്യാഗ്രഹം നടന്നത് ആരുടെ നേതൃത്വത്തിലാണ് ?
(A) കെ.കേളപ്പൻ
(B) എ.കെ. ഗോപാലൻ
(C) പി. കൃഷ്ണപിള്ള
(D) ടി.കെ. മാധവൻ

60. 'ഗാന്ധിയും അരാജകത്വവും' എന്ന ഗ്രന്ഥം രചിച്ചതാര് –
(A) ഇ.എം.എസ്.
(B) സി.ശങ്കരൻ നായർ
(C) സ്വദേശാഭിമാനി
(D) പട്ടം താണുപിള്ള

61. ഓർഗൻ ഓഫ് കോർട്ടി ഏത് ജ്ഞാനേന്ദ്രിയവുമായി ബന്ധപ്പെട്ടിരിക്കുന്നു
(A) കണ്ണ്
(B) ചെവി
(C) മൂക്ക്
(D) നാക്ക്

62. ഉമിനീരിന്റെ pH മൂല്യം
(A) 8 – 8.5
(B) 1.5 – 3.5
(C) 7 – 8.5
(D) 6.2 – 7.6

63. കേരളത്തിന്റെ ആരോഗ്യ പത്ധതികളിൽ ഒന്നായ ആർദ്രം പത്ധതിൽ പെടാത്തതേത്.

(A) ഗവൺമെന്റ് ആശുപത്രികളിൽ രോഗീ സൗഹാർദ്ദപരമായ സേവനങ്ങൾ ലഭ്യമാകാകുക.

(B) പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി വിപുലപ്പെടുത്തുക.

(C) ജില്ലാ, താലൂക്ക് ആശുപത്രികളിൽ, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉറപ്പാക്കുക.

(D) അടിസ്ഥാന സൗകര്യ വികസന കാര്യങ്ങൾക്കുവേണ്ട ഫണ്ട് പഞ്ചായത്ത് ലഭ്യമാക്കുകയും ചെയ്യുക.

64. മന്തുരോഗം പരത്തുന്ന കൊതുകുകൾ

(A) അനോഫിലിസ് കൊതുക്

(B) ക്യൂലക്സ് കൊതുക്

(C) അനോഫിലിസ് പെൺ കൊതുക്

(D) ഈഡീസ് കൊതുക്

65. വിറ്റാമിൻ Aയുടെ തുടർച്ചയായ അഭാവം ഉണ്ടായാൽ നേത്രാവരണവും കോർണിയയും വരണ്ട്, കോർണിയ അതാര്യമായിതീരുന്നു, തുടർന്ന് അന്ധതയിലേക്കു നയിക്കുന്നു. ഈ അവസ്ഥയുടെ പേര്

(A) ഗ്ലോക്കോമ

(B) തിമിരം

(C) സിറോഫ്ത്താൽമിയ

(D) നിശാന്ധത

66. താഴെ കൊടുത്തിരിക്കുന്നവയിൽ വന്യജീവിസംരക്ഷണ കേന്ദ്രം അല്ലാത്തത് ഏത് ?

(A) സുന്ദർബൻസ്

(B) രൂപ്കുണ്ഡ്

(C) മനാസ്

(D) സരിസ്ക

67. കേരളത്തിലെ കാടുകളിൽ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ ഉള്ള വിഭാഗം ഏത് ?

(A) നിത്യഹരിത വനങ്ങൾ

(B) വരണ്ട ഇലപൊഴിയും വനങ്ങൾ

(C) ആർദ്ര ഇലപൊഴിയും വനങ്ങൾ

(D) ചോലവനങ്ങൾ

68. താഴെ തന്നിരിക്കുന്നവയിൽ ശരിരായ പ്രസ്താവനകൾ ഏതെല്ലാം ?

(i) ലൈക്കനുകൾ എന്ന വിഭാഗം സസ്യങ്ങളെ വായുമലിനീകരണത്തിന്റെ സൂചകങ്ങളായി കണക്കാക്കാം.

(ii) വായു മലിനീകരണം കുറക്കുന്നതിനു വേണ്ടി "കാറ്റലിറ്റിക് കൺവർട്ടർ" എന്ന ഉപകരണം ഘടിപ്പിച്ച വാഹനങ്ങളിൽ ലെഡ് അടങ്ങിയിട്ടില്ലാത്ത പെട്രോൾ ആണ് ഉപയോഗിക്കേണ്ടത്.

(iii) കാറ്റലിറ്റിക് കൺവർട്ടറുകളിൽ ഉൽപ്രേരകമായി ഉപയോഗിക്കുന്ന ലോഹമാണ് മെർക്കുറി.

(A) (i), (iii)

(B) (ii), (iii)

(C) (i), (ii)

(D) (i), (ii), (iii)

69. 27-ാമത് സംസ്ഥാന വിത്ത് ഉപസമിതി തീരുമാന പ്രകാരം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്തതും തൃശൂർ ജില്ലയിലെ കോൾപാടങ്ങളിലേക്ക് അനുയോജ്യമായതും ആയ നെല്ലിന്റെ ഇനം ഏതാണ് ?

(A) പി.വി. 3
(B) കെ.എ.യു. പൗർണമി
(C) കെ.എ.യു മനുരത്ന
(D) പി.വി. 5

70. ആഗോളതാപനത്തിന് കാരണമായ ഹരിതഗൃഹ വാതകങ്ങളിൽ ഏറ്റവും കൂടിയ അളവിൽ കാണപ്പെടുന്നത് ഏത് ?

(A) ക്ലോറോ ഫ്ലൂറോ കാർബണുകൾ
(B) മീഥേൻ
(C) നൈട്രസ് ഓക്സൈഡ്
(D) കാർബൺ ഡൈ ഓക്സൈഡ്

71. പരസ്പര ബന്ധ മില്ലാത്തത് തിരിച്ചറിയുക :

(i) സോഡിയം – ആൽക്കലി ലോഹം
(ii) കാൽസ്യം – സംക്രമണ ലോഹം
(iii) അലൂമിനിയം – ബോറോൺ കുടുംബം
(iv) ക്ലോറിൻ – ഉൽകൃഷ്ട വാതകം

(A) (i), (ii)
(B) (ii) മാത്രം
(C) (ii), (iii)
(D) (ii), (iv)

72. ഒരു ജലതൻമാത്രയിലെ ഹൈഡ്രജനും ഓക്സിജനും തമ്മിൽ അറ്റോമിക മാസിലുള്ള അനുപാതം എത്രയാണ് ?

(A) 1 : 6
(B) 1 : 8
(C) 2 : 1
(D) 2 : 5

73. പഞ്ചസാരയിലെ ഘടക മൂലകങ്ങൾ ഏതൊക്കെയാണ് ?

(A) കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ
(B) നൈട്രജൻ, ഹൈഡ്രജൻ, ക്ലോറിൻ
(C) ഹൈഡ്രജൻ, ഓക്സിജൻ, ക്ലോറിൻ
(D) കാർബൺ, ഹൈഡ്രജൻ, നൈട്രജൻ

74. ആറ്റത്തിലെ ചാർജില്ലാത്ത കണമായ ന്യൂട്രോണിനെ കണ്ടെത്തിയ ശാസ്ത്രജ്ഞൻ ആരാണ് ?

(A) ജെ.ജെ. തോംസൺ
(B) ഏണസ്റ്റ് റൂഥർഫോർഡ്
(C) ജെയിംസ് ചാഡ്‌വിക്ക്
(D) ജെയിംസ് ക്ലാർക്ക് മാക്സ്‌വെൽ

75. അയിരുകളെയും ധാതുക്കളെയും സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

(i) എല്ലാ അയിരുകളും ധാതുക്കളാണ്.
(ii) എല്ലാ ധാതുക്കളും അയിരുകളല്ല.

(A) (i), (ii)
(B) (i) മാത്രം
(C) (ii) മാത്രം
(D) ഇവയൊന്നുമല്ല


xylem psc

76. തന്മാത്രകളുടെ സ്ഥാനമാറ്റം മുഖേന താപം പ്രേഷണം ചെയ്യപ്പെടുന്ന രീതിയാണ് ________.

(A) വികിരണം
(B) സംവഹനം
(C) ചാലനം
(D) പ്രസരണം

77. വസ്തു ഒരു തുലനസ്ഥാനത്തെ ആസ്പദമാക്കി ഇരുവശങ്ങളിലേക്കും ചലിക്കുന്നതാണ് ________.

(A) ഭ്രമണം
(B) ദോലനം
(C) നേർരേഖാ ചലനം
(D) വർത്തുള്ള ചലനം

78. ചുവടെ കൊടുത്തിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്തത് കണ്ടെത്തി എഴുതുക.

(A) സൗരോർജ്ജം
(B) കാറ്റ്
(C) തിരമാല
(D) കൽക്കരി

79. മനുഷ്യന് കേൾക്കാൻ കഴിയുന്ന ശബ്ദത്തിന്റെ ആവൃത്തിയുടെ താഴ്ന്ന പരിധി ________ ആണ്.

(A) 5 Hz
(B) 200 Hz
(C) 20 Hz
(D) 40 Hz

80. പ്രവൃത്തിയുടെ യൂണിറ്റ് ?

(A) ജൂൾ
(B) ന്യൂട്ടൺ
(C) വാട്ട്
(D) മീറ്റർ

81. $\sqrt{1.4641}$ എത്ര ?

(A) 12.1
(B) 1.21
(C) 0.121
(D) 12.01

82. താഴെ കൊടുത്തിരിക്കുന്നവയിൽ വലുത് ഏത് ?

(A) 10.0765
(B) 10.1765
(C) 10.2765
(D) 10.7650

83. 243 ന് എത്ര ഘടകങ്ങൾ ഉണ്ട് ?

(A) 3
(B) 4
(C) 5
(D) 6

84. ചുവടെ കൊടുത്തിരിക്കുന്നവയിൽ പൂർണ വർഗം ഏത് ?

(A) $25 \times 10^3$
(B) 0.016
(C) $9 \times 10^2 \times 1$
(D) $36 \times 10^5$

Xylem PSC

**85.** 120 കിലോമീറ്റർ / മണിക്കൂറിൽ വേഗത്തിൽ ഓടുന്ന ഒരു വാഹനം ഒരു മിനിറ്റ് കൊണ്ട് എത്ര ദൂരം സഞ്ചരിക്കും ?

(A) 1 കി.മീ.
(B) 2 കി.മീ.
(C) 3 കി.മീ.
(D) 4 കി.മീ.

**86.** $\frac{1}{16}$ ന്റെ $\frac{2}{3}$ മടങ്ങ് എത്ര ?

(A) $\frac{1}{24}$
(B) $\frac{2}{16}$
(C) $\frac{3}{24}$
(D) $\frac{4}{24}$

**87.** 3, 6, 2 ഈ സംഖ്യകളുടെ ല.സാ.ഗു എത്ര ?

(A) 12
(B) 6
(C) 18
(D) 36

**88.** ഒരു ക്യാമ്പിലെ 30 പേരുടെ ശരാശരിഭാരം 45 കി.ഗ്രാം ആണ്. ഒരാൾ കൂടി ക്യാമ്പിലേക്ക് വന്നപ്പോൾ ശരാശരി 42 കി.ഗ്രാം ആയി പുതിയതായി വന്ന ആളുടെ ഭാരം എത്ര ?

(A) 50
(B) 45
(C) 48
(D) 42

**89.** $\frac{1}{2}+\frac{1}{2^2}+\frac{1}{2^3}$ ന്റെ ദശാംശ രൂപം എഴുതുക.

(A) 0.785
(B) 0.875
(C) 0.578
(D) 0.155

**90.** 15 സെ.മീ. നീളമുള്ള വര AB യുടെ $\frac{2}{3}$ ഭാഗം ആകുന്ന വിധത്തിൽ C അടയാളപ്പെടുത്തിയിട്ടുണ്ട്. AC ടെ $\frac{1}{2}$ ഭാഗം ആകുന്ന വിധത്തിൽ D അടയാളപ്പെടുത്തിയാൽ, AB യുടെ എത്ര ഭാഗമാണ് AD.

(A) $\frac{1}{2}$
(B) $\frac{1}{3}$
(C) $\frac{1}{5}$
(D) $\frac{1}{6}$

**91.** $300-\left(\frac{5-0.2}{0.16}\right)$ എത്ര ?

(A) 297
(B) 270
(C) 0
(D) 299.7

92. 1, 2, 5, 16, 65, ......... എന്ന ശ്രേണിയിലെ അടുത്ത പദം ഏത് ?

(A) 266
(B) 391
(C) 136
(D) 326

93. $\sqrt{0.0081}$ എത്ര ?

(A) 0.09
(B) 0.9
(C) 0.91
(D) 0.009

94. ഒരു പേനയുടെയും ഒരു പുസ്തകത്തിന്റെയും വിലകൾ 3 : 5 എന്ന അംശബന്ധത്തിലാണ്. പുസ്തകത്തിന് പേനയേക്കാൾ 12 രൂപ കൂടുതലാണ്. എങ്കിൽ പേനക്കും പുസ്തകത്തിനും കൂടി ആകെ വിലയത്ര ?

(A) 18
(B) 48
(C) 30
(D) 72

95. ഒറ്റയാനെ കണ്ടെത്തുക ?

(91, 93, 95, 97, 99)

(A) 91
(B) 93
(C) 95
(D) 97

96. 5 കുട്ടികളുടെ ഇപ്പോഴത്തെ വയസ്സുകളുടെ തുക 48 ആണ്. 5 വർഷത്തിന് ശേഷം അവരുടെ ആകെ വയസ്സ് എത്ര ?

(A) 58
(B) 70
(C) 73
(D) 75

97. ഒരു ക്ലാസിൽ 45 കുട്ടികളെ വരിയായി നിർത്തിയപ്പോൾ അനു ഇടത്തു നിന്നും 22-ാംമതും വിനു വലത്തുനിന്ന് 25-ാംമതും ആണ്. ഇവരുടെ ഇടക്കുള്ള കുട്ടികളുടെ എണ്ണമെത്ര ?

(A) 3
(B) 1
(C) 0
(D) 2

98. സമാനബന്ധം കണ്ടെത്തുക :

7 : 342 : : 8 : ______

(A) 511
(B) 384
(C) 512
(D) 256

99. താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ ഡിക്ഷണറിയിൽ നിരത്തുമ്പോൾ മൂന്നാമത് വരുന്ന വാക്ക് ഏത് ?

(A) regular
(B) region
(C) register
(D) regime

100. A : B = 2 : 3, B : C = 4 : 5 ആയാൽ C : A എത്ര ?

(A) 15 : 8
(B) 5 : 2
(C) 8 : 5
(D) 8 : 15